നടത്തി അപ്രൂവൽ കൊടുക്കുവാൻ കഴിയുകയില്ല. ഏതാനും സാങ്കേതിക തടസ്സങ്ങളുള്ള സ്കൂളുകൾ ഒഴിച്ച് ബാക്കിയുള്ള സകല സ്കൂളുകളിലും ജൂലായ് മാസം 30-ാം തീയതിക്കുള്ളിൽ തീരുമാനം കൈക്കൊണ്ട് അവർക്ക് സാലറി നൽകുന്നതാണ്. സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് സ്പെഷ്യൽ റൂൾസ് ആയാൽ മാത്രമേ അന്തിമ തീരുമാനത്തിൽ എത്തുവാൻ കഴിയൂ. ഇവിടെ 1991-ൽ നിയമിതരായ അദ്ധ്യാപകരുടെ പ്രശ്നം ഗവൺമെന്റ് പരിഗണിച്ചതാണ്. ഈ കാര്യത്തിൽ നേരത്തെ സൂചിപ്പിച്ചതുപോലെ ദ്രുതഗതിയിലുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ജൂലൈ മാസം 30-ാം തീയതിക്കുള്ളിൽ സാങ്കേതിക തടസ്സങ്ങളുള്ള സ്കൂളുകൾ ഒഴിച്ച് ബാക്കി എല്ലാ സ്കൂളുകളിലും സാലറി കൊടുക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

(10) മുസ്ലീം യൂത്ത് ലീഗിന്റെ സമരം

<u>ശ്രീ. ഇ.ടി.മുഹമ്മദ് ബഷീർ</u> : സർ, വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിൽക്കുന്ന മുസ്ലീം ന്യൂനപക്ഷത്തിന് പ്ലസ് ടു സ്കൂളുകൾ അനുവദിച്ച കാര്യത്തിലുള്ള കടുത്ത അവഗണനയിലും വഞ്ചനയിലും പ്രതിഷേധിച്ചുകൊണ്ട് മുസ്ലീം യൂത്ത് ലീഗിന്റെ നേതൃത്വത്തിൽ ഇന്ന് സെക്രട്ടേറിയറ്റ് നടയിൽ സമരം നടക്കുകയാണ്. അതുപോലെതന്നെ മുസ്ലീം വിദ്യാഭ്യാസ അവകാശ സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ എല്ലാ ഡി.ഡി.ഓഫീസുകളിലും ഇന്ന് കൂട്ടധർണ്ണ നടക്കുന്നു. കഴിഞ്ഞപ്രാവശ്യം പ്ലസ് ടു സ്കൂളുകൾ അനുവദിച്ച സമയത്ത് 25 ശതമാനത്തോളം വരുന്ന മുസ്ലീം ന്യൂനപക്ഷത്തിന് വെറും പത്തു ശതമാനത്തിൽ താഴെയാണ് കൊടുത്തിട്ടുള്ളതെന്ന പരാതി ഉയർന്നു വന്നപ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഒരു സബ് കമ്മിറ്റിയുണ്ടാക്കി. ഞാൻ ആ കമ്മിറ്റിയുടെ മുന്നിൽ ചർച്ചയ്ക്ക് പോയതാണ്. അന്നു പറഞ്ഞത്, ഇതിൽ പോരായ്മയുണ്ടെങ്കിൽ പരിഹരിച്ചു തരാമെന്നാണ്. അതു പരിഹരിക്കാൻവേണ്ടി 48 സ്ക്കൂളുകൾ കൊടുത്തു. ആ 48 സ്ക്കൂളുകൾ കൊടുത്തതിലും ന്യൂനപക്ഷത്തിന് കാര്യമായ പങ്കു കൊടുത്തില്ല. അപ്പോൾ പറഞ്ഞ വാക്കു പാലിച്ചിട്ടില്ല. അതിനു ബഹുമാനപ്പെട്ട ഗവൺമെന്റും മന്ത്രിയും പറഞ്ഞ വിശദീകരണമെന്താണെന്നു വച്ചാൽ പ്രീഡിഗ്രി ഡീലിങ്ക് ചെയ്യുന്നതിന്റെ ഭാഗമായിട്ടാണ് അതുകൊണ്ട് കോളേജുകളുടെ അടുത്തു കൊടുക്കാൻ പറ്റുമെന്നാണ്. ന്യൂനപക്ഷത്തിന് കോളേജുകൾ കുറവാണ്. അതിനെന്താണ് മാർഗ്ഗം, അന്നു പറഞ്ഞത് സ്ക്കൂളുകൾ കൊടുത്തിട്ട് അവർക്ക് കോളേജു കൊടുക്കാമെന്നാണ്. അതു നല്ല വാക്കായി നമ്മൾ കണ്ടു. എങ്ങനെ കൊടുക്കുമെന്നുവച്ചാൽ സ്ക്കൂളുകളില്ലാത്തതുകൊണ്ട് കോളേജുകൾ കൊടുക്കാൻ കഴിയില്ല. അതുകൊണ്ട് കോളേജിൽ നിന്ന് പ്രീഡിഗ്രി ഡീലിങ്കു ചെയ്തവർക്ക് സ്ക്കൂളുകൾ കൊടുത്തിട്ട് അതിന്റെ മുകളിൽ പ്ലസ് ടു കൊടുക്കാമെന്നു പറഞ്ഞ് നോട്ടിഫൈ ചെയ്തു. കോളേജുകളിൽ പ്രീഡിഗ്രി ഡീലിങ്കു ചെയ്യുന്നിടത്ത്, സ്ക്കൂളുകളില്ലാത്ത സ്ഥലത്ത് സ്ക്കൂളുകൾ കൊടുക്കാൻ നോട്ടിഫിക്കേഷൻ വന്നശേഷം ഇവർക്ക് യുവജന പ്രസ്ഥാനത്തിന്റെ, എസ്.എഫ്.ഐ.യുടെ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ നോട്ടിഫൈ ചെയ്തുകൊടുക്കാൻ പറ്റില്ല എന്നാണ്. അങ്ങനെ ആ സ്ക്കൂളും കൊടുത്തില്ല. കൊടുക്കാമെന്നു പറഞ്ഞ 48 സ്ക്കൂളുകൾ അവഗണിക്കപ്പെടുകയും ചെയ്തു. സ്ക്കൂളുകൾ കൊടുത്തിട്ട് പ്ലസ് ടു കൊടുക്കാമെന്നു പറഞ്ഞ് നോട്ടിഫൈ ചെയ്തു. നോട്ടിഫൈ ചെയ്തതുപോലും കൊടുത്തില്ല. ബഹുമാനപ്പെട്ട മന്ത്രി ഇതിനു മറുപടി പറയേണ്ടതാണ്. അങ്ങു പറഞ്ഞ വാക്ക് എന്താണ് പാലിക്കാതെ പോയത്? നോട്ടിഫിക്കേഷൻ പ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

എന്താണ് സ്ക്കൂളുകൾ കൊടുക്കാതിരുന്നത് എന്നുപറയണം. ഇത് വളരെ ഗൗരവമായിട്ടുള്ള മറ്റൊരു സംഗതിയാണ്. ഇക്കൊല്ലം തിരുത്താമെന്നു പറഞ്ഞു. ഇക്കൊല്ലവും അനുവദിച്ചില്ല. ആർക്കും കൊടുത്തില്ല, അതുകൊണ്ട് നിങ്ങൾക്കും തരുന്നില്ല എന്നാണ് പറയുന്നത്. പണ്ട് കൊടുത്തവരുടെ സ്ഥിതി എന്താണ്? ആർക്കും കൊടുക്കാത്തതുകൊണ്ട് നിങ്ങൾക്കും തരുകയില്ല എന്നാണ് പറഞ്ഞത്. പണ്ട് കൊടുത്തവർക്ക് ഒരു ബാച്ചു കൊടുത്തു. അപ്പോൾ ന്യൂനപക്ഷം വീണ്ടും ചവുട്ടിത്താഴ്ത്തപ്പെട്ടു. അതു പരിഹരിക്കുന്നില്ല. മറ്റൊരു ഗൗരവതരമായ സംഗതിയെന്താണെന്നു വച്ചാൽ പ്രീഡിഗ്രി ഡീലിങ്ക് ചെയ്ത മുസ്ലീം കോളേജുകളിൽ പ്ലസ് ടു ഇല്ല. ഉന്നതവിദ്യാഭ്യാസ മേഖലയിലേയ്ക്ക് കയറിപ്പോകാൻ, ന്യൂനപക്ഷത്തിനുള്ള വാതിൽ കൊട്ടിയടയ്ക്കുകയാണ് ഗവൺമെന്റ് ചെയ്യുന്നത്. ഇത് ഗൗരവമായിട്ടുള്ള ഒരു കാര്യമാണ്. പിന്നോക്കം നിൽക്കുന്ന ഒരു ജനവിഭാഗത്തിന് മുന്നോട്ടു പോകാനുള്ള മാർഗ്ഗത്തിനെതിരായിട്ട് വാതിലടയ്ക്കുന്ന നടപടി ആണ് ചെയ്യുന്നത്. ബഹുമാനപ്പെട്ട മന്ത്രി വളരെ ഗൗരവമായി ഇതു ചിന്തിച്ചില്ലെങ്കിൽ ഒരു സമുദായത്തെ കൂടുതൽ അപമാനത്തിലേയ്ക്ക് താഴ്ത്തുന്ന നടപടിയായിരിക്കുമെന്നാണ് എനിക്കു സൂചിപ്പിക്കാനുള്ളത്.

മദ്രസാ നവീകരണത്തിന്റെ കാര്യത്തിൽ കഴിഞ്ഞപ്രാവശ്യം കാണിച്ച അവഗണനയെപ്പറ്റി ഞാൻ പറഞ്ഞു. ഏരിയാ ഇന്റൻസീവ് സ്ക്കീം കേന്ദ്ര ഗവൺമെന്റിന്റെ സ്ക്കീമാണ്. അതിൽ കേരളാ ഗവൺമെന്റ് എന്തു ചെയ്യാൻ പറ്റുമെന്ന് ഗൗരവമായി ആലോചിക്കണം. ഞാൻ മനസ്സിലാക്കിയിടത്തോളം, കർണ്ണാടകയിലും മറ്റുമൊക്കെ ഇക്കാര്യത്തിൽ സ്റ്റേറ്റ് ഗവൺമെന്റ് അതിന്റേതായിട്ടുള്ള ചില സാമ്പത്തിക സഹായങ്ങൾ ചെയ്യുന്നു എന്നാണ്.

മറ്റൊരുകാര്യം, ബഹുമാനപ്പെട്ട മന്ത്രി ഇന്നുതന്നെ പരിശോധിക്കേണ്ടത്, എൻട്രസ് പരീക്ഷയിൽ, അതുപോലെ പോളിടെക്നിക്കിന്റെ അഡ്മിഷന്റെ കാര്യത്തിൽ എന്നിവയിൽ മെറിറ്റിൽ മായം ചേർക്കാൻ സെക്രട്ടേറിയറ്റ് കേന്ദ്രീകരിച്ച് ഗൂഢാലോചന നടക്കുകയാണ്. കഴിഞ്ഞപ്രാവശ്യം നടന്നതാണ്. കഴിഞ്ഞപ്രാവശ്യം ഞങ്ങൾ ബഹളം കൂട്ടിയിട്ടും പരിഹാരമുണ്ടായില്ല. അവസാനം ഹൈക്കോടതിയിൽ പോയി. മെറിറ്റിൽ മായം ചേർത്തത്, എൻട്രൻസ് എക്സാമിനേഷനിൽ മായം ചേർത്തത് കണ്ടെത്തിയിട്ട് ഹൈക്കോടതി പറഞ്ഞിട്ടാണ് സംവരണം മടക്കിക്കിട്ടിയത്. ഇപ്പോഴും അത്തരം ഗൂഢാലോചന സെക്രട്ടേറിയറ്റ് കേന്ദ്രീകരിച്ച് നടക്കുന്നുണ്ടെന്നാണ് ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. മാത്രമല്ല, പോളിടെക്നിക്കിന്റെ അഡ്മിഷന്റെ കാര്യത്തിൽ, മെറിറ്റിൽ കിട്ടുന്ന കുട്ടികളെ സംവരണത്തിന്റെ ക്വാട്ടയിലേയ്ക്ക് തട്ടിയിട്ട് ആ ആനുകൂല്യം നശിപ്പിക്കുന്ന ഗൂഢാലോചനയും സെക്രട്ടേറിയറ്റിൽ നടക്കുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യം ഗൗരവമായി ശ്രദ്ധിച്ച് പരിഹാരമുണ്ടാക്കിയില്ലെങ്കിൽ കണ്ണിലെ കൃഷ്ണമണിപോലെ കാത്തു സൂക്ഷിച്ച സംവരണത്തിന്റെ ഗുണംപോലും ഈ സമുദായത്തിന് കിട്ടാതെ പോകും. അതു ഗൗരവമായിട്ട് ആലോചിക്കണം. ഇതൊക്കെ വച്ചു കൊണ്ടാണ് മുസ്ലീം യൂത്ത് ലീഗ് പ്രക്ഷോഭത്തിലേയ്ക്ക് പോകുന്നത്. പ്രക്ഷോഭമല്ല ഇവിടെ പ്രശ്നം. ഇനിയും ശക്തമായ പ്രക്ഷോഭ പരിപാടികൾ നടത്താൻ അവർ തീരുമാനിച്ചിട്ടുണ്ട്. ന്യായമായ ഈ സംഗതിയിൽ നീതി കിട്ടണം. ചരിത്രപരമായ കാരണങ്ങളാൽ പിന്നോക്കമായ സമുദായമാണ് മുസ്ലീം സമുദായം. അവർക്ക് നീതി കൊടുക്കാൻ തയ്യാറാകുന്നില്ലെങ്കിൽ അത് വലിയൊരു അവഗണനയാകും. അതു തിരുത്താൻ ഗവൺമെന്റ് മുന്നോട്ടു വരണമെന്നു അപേക്ഷിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, പ്ലസ് ടുവിനെ സംബന്ധിച്ചു പലവട്ടം ഇവിടെ ചർച്ച ചെയ്തിട്ടുള്ളതാണ്. ഈ വർഷം അതിൽ പുതിയതായി ഒരു ഡെവലപ്മെന്റുമുണ്ടായിട്ടില്ലായെന്ന് ബഹുമാനപ്പെട്ട മുഹമ്മദ് ബഷീറിനു തന്നെ അറിയാവുന്നതാണ്. സുപ്രീം കോടതിയുടെ സ്റ്റേയുടെ അടിസ്ഥാനത്തിൽ ഇത്തവണ ഒരു സ്കൂളും അനുവദിച്ചിട്ടില്ല., അനുവദിക്കാവുന്ന, ഗവൺമെന്റിന്റെ പരിഗണനയിൽ വന്ന സ്കൂളുകൾക്കൊക്കെ അനുമതി കൊടുക്കുകയാണ് ചെയ്തിട്ടുള്ളത്. അതാണ് വസ്തുത. അതു പലവട്ടം ചർച്ച ചെയ്തിട്ടുള്ളതുമാണ്. 38 സ്കൂളുകളിലാണ് അന്നു നോക്കിയപ്പോൾ പ്ലസ് ടു അനുവദിച്ചിട്ടുള്ളത്. അതിനെ സംബന്ധിച്ചു ആദ്യം വന്ന പരാതികൾ 10 സ്കൂളുകളിലേ അനുവദിച്ചിട്ടുള്ളൂ എന്നാണ്. എങ്കിലും ഇനിയും സ്കൂളുകളിൽ അനുവദിക്കേണ്ടതാണ് എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഇനിയും ലിസ്റ്റ് തയ്യാറാക്കുമ്പോൾ ന്യായമായ പരിഗണനയുണ്ടാകുമെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. നോട്ടിഫിക്കേഷൻ ഗവൺമെന്റിന്റെ പരിഗണനയിലാണെന്നു മാത്രമേ ഞാൻ ഇപ്പോൾ പറയുന്നുള്ളൂ. എൻട്രൻസിനെ സംബന്ധിച്ചു ഇവിടെ ചില കാര്യങ്ങൾ പറഞ്ഞു. ഇത്തവണ അതു കുറെമറ്റതാക്കാനുള്ള തീരുമാനങ്ങളെടുത്തിട്ടുണ്ട്. അതിനെക്കുറിച്ചെല്ലാം ഞാൻ പരിശോധിച്ചശേഷം പറയുകയാണ്. ഒരു കുഴപ്പവും അതിലുണ്ടാകുകയില്ല. എന്തെങ്കിലും ശ്രദ്ധയിൽപ്പെട്ടാൽ ശ്രീ. മുഹമ്മദ് ബഷീർ തന്നെ അതു പറയണം. ഇതുവരെ ഒരു കുഴപ്പവുമില്ല. പോളിടെക്നിക്കിനെപ്പറ്റി ഇതുവരെ ഒരു പരാതിയും വന്നിട്ടില്ല.അഡ്മിഷനെല്ലാം കഴിഞ്ഞിരിക്കുന്നു. ഒരു പരാതിയും ഇതുവരെ വന്നിട്ടില്ല.സാധാരണ വർഷങ്ങളിൽ ചെയ്യുന്നതുപോലെ മാത്രമേ ഇക്കാര്യത്തിലും ചെയ്തിട്ടുള്ളൂ. ഇത്തവണ 75 കോളേജുകളിൽ നിന്ന് പ്രീഡിഗ്രി ഡീലിങ്ക് ചെയ്തപ്പോൾ മുസ്ലീം സമുദായം നടത്തുന്ന 9 കോളേജുകളിൽ നിന്നു മാത്രമേ ഡീലിങ്ക് ചെയ്തിട്ടുള്ളൂ.അതും കഴിയുന്നത്ര ആർട്സ് സബ്ജറ്റുകളാണ് ചെയ്തിട്ടുള്ളത് അതാകുമ്പോൾ പിന്നീട് പഠിക്കാനുള്ള സൗകര്യമുണ്ട്. സയൻസ് കോളേജുകളെ പരമാവധി ഒഴിവാക്കിയിട്ടുണ്ടെന്നാണ് എനിക്കു പറയാനുള്ളത്. ഈ കാര്യത്തിൽ പ്രത്യേകമായ പരിഗണനയല്ലാതെ ഒരു അവഗണനയും ഉണ്ടാകില്ല.

(11) മഞ്ചേരി മണ്ഡലത്തിലെ തോട്ടുപൊയിൽ-മീൻപാറ കൈറോഡ്, നാലാർകുളം-ചെറുകുളം റോഡ് എന്നിവയുടെ നിർമ്മാണപ്രവർത്തനം നിർത്തിവച്ചത് സംബന്ധിച്ച്

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, മഞ്ചേരി നിയോജകമണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട രണ്ടു-മൂന്നു റോഡുകളുടെ പ്രവർത്തനം കരാറുകാർ പണി നിർത്തിവച്ചതുമൂലം ജനങ്ങൾ വളരെയധികം പ്രയാസം അനുഭവിക്കുകയാണ്. ചോലയ്ക്കൽ-മീൻപാറ കൈറോഡ്, നാലാർകുളം-ചെറുകുളം റോഡ് എന്നിവയുടെ പ്രവർത്തനം രണ്ടു വർഷങ്ങൾ മുമ്പ് ആരംഭിച്ചതാണ്. ഒരു വർഷം കഴിഞ്ഞപ്പോൾ കരാറുകാരൻ പകുതി പ്രവർത്തനം നിർത്തിവച്ച് അത് ഇട്ടിട്ടു പോയിരിക്കുകയാണ്. പട്ടികജാതിക്കാർ, വളരെയധികം പിന്നോക്കക്കാർ എന്നിവർ താമസിക്കുന്ന ഈ പ്രദേശത്ത് ഒരു ഓട്ടോറിക്ഷാ പോലും പോകാൻ കഴിയാത്ത ഒരു ദുരവസ്ഥയിലാണ്. കരാറുകാർ പറയുന്നത് അവർക്ക് പണം കിട്ടാതെ പണി തുടങ്ങാൻ കഴിയില്ല എന്നാണ്. പക്ഷേ, ജനങ്ങളാണ് കഷ്ടപ്പെടുന്നത്. ബഹുമാനപ്പെട്ട മന്ത്രി അടിയന്തിര നിർദ്ദേശം നൽകി പ്രസ്തു റോഡുകളുടെ പണി തുടങ്ങണം. കൂടാതെ എ.എസ്, എസ്.

LIBRARY ARCHIVES Kerala Legislative Assembly